# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>സ്വയം സംരംഭക മിഷൻ</u>

2678 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വയംസംരംഭക മിഷന്റെ പ്രവർത്തനഫലമായി ഈ വർഷം എത്ര ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിച്ചു;

(ബി) ഇത് വഴി എത്ര പേർക്ക് പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ ലഭിച്ചുവെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>തൊഴിൽ വകുപ്പിൽ പുതിയ തസ്തികകൾ</u>

2679

ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം തസ്തികകൾ സൃഷ്ടിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>അൺ എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ ശമ്പളം</u>

2680 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അൺ എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ ജോലി സ്ഥിരത യില്ലായ്മയും തുച്ഛമായ ശമ്പളവും തൊഴിൽ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവരുടെ ശമ്പളം ബാങ്ക് വഴി നൽകണം എന്ന മുൻ സർക്കാരിന്റെ തീരുമാനം ഇപ്പോൾ നടപ്പിലാക്കുന്നുണ്ടോ;

(സി) പ്രസ്തുത വിഷയത്തിൽ ബഹു. സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ ഒരു നിയമം കൊണ്ടുവരുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

ഡോ. ബലരാമൻ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ

2681 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഡോ. ബലരാമൻ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾപ്രകാരം സ്വകാര്യ നഴ്സുമാരുടെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

**കേരള നിയമസഭ**
**19.12.2012-ലെ മറുപടിക്ക്**

<u>ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം</u>

2682 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിൽ വകുപ്പിന് കീഴിൽ എത്ര ക്ഷേമനിധി ബോർഡുകൾ പ്രവർത്തിക്കുന്നുണ്ട്; ഏതെല്ലാം;

(ബി) അവയിൽ എത്ര എണ്ണം നഷ്ടത്തിൽ പ്രവർത്തിക്കുന്നുണ്ട്;

(സി) ഏതെല്ലാം ബോർഡുകളിലാണ് പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യ വിതരണം മുടങ്ങിയിട്ടുള്ളത്; കാരണം വ്യക്തമാക്കുമോ;

(ഡി) 2012 നവംബർ 30 വരെയുള്ള കണക്ക് പ്രകാരം ഏറ്റവും കൂടുതൽ ആസ്തിയുള്ള ക്ഷേമനിധി ബോർഡ് ഏതാണ്; ആസ്തി എത്രയാണ് എന്ന് വ്യക്തമാക്കാമോ;

(ഇ) ഏറ്റവും കൂടുതൽ തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുള്ള ക്ഷേമനിധി ബോർഡ് ഏതാണ്;

(എഫ്) പ്രസ്തുത ബോർഡ് മുഖേന തൊഴിലാളികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് വിതരണം ചെയ്യുന്നത്; വിശദമാക്കുമോ;

(ജി) ബോർഡിൽ രജിസ്റ്റർ ചെയ്ത തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ സമയബന്ധിതമായി നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്; വിശദമാക്കുമോ;

(എച്ച്) കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയൽ ബോർഡിന് സെസ് ഇനത്തിൽ എത്ര രൂപയാണ് 2012 നവംബർ 30 വരെ ലഭിച്ചിട്ടുള്ളത്;

(ഐ) തൊഴിലാളികളുടെ അംഗത്വഫീസിനത്തിലും സ്ഥിരനിക്ഷേപങ്ങളിലെ പലിശയിനത്തിലും ഇതുവരെ എത്ര രൂപ ലഭിച്ചിട്ടുണ്ട്

(ജെ) നിലവിലെ തൊഴിലാളികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ നല്കിവരുന്നു;

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

(കെ) പെൻഷൻ തുക വർദ്ധിപ്പിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വർദ്ധിപ്പിക്കുമോ; എങ്കിൽ എത്രയായി വർദ്ധിപ്പിക്കും വിശദമാക്കാമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>ക്ഷേമനിധികളിൽ അംഗത്വം</u>

2683 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ക്ഷേമനിധി ബോർഡുകൾ പ്രവർത്തിക്കുന്നുണ്ട്; അവ ഏതെല്ലാം; വ്യക്തമാക്കുമോ;

(ബി) ക്ഷേമനിധികളിൽ ബഹു.അംഗത്വവും, വ്യാജ അംഗത്വവും ധാരാളം പേർക്കുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ക്ഷേമനിധി ആനുകൂല്യങ്ങൾ അർഹരായവർക്ക് മാത്രം ലഭ്യമാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(ഡി) വ്യാജ അംഗത്വം ഉൾപ്പെടെയുള്ള ക്രമക്കേടുകൾ പരിശോധിക്കുവാനും പരിഹരിക്കുവാനും നടപടികൾ സ്വീകരിക്കുമോ;

(ഇ) കൊയിലാണ്ടി മണ്ഡലത്തിൽ, നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള തൊഴിലാളികളുടെ എണ്ണം പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>ക്ഷേമനിധിബോർഡുകളിലെ താൽക്കാലിക നിയമനം</u>

2684 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം താൽക്കാലികാടിസ്ഥാനത്തിൽ എത്ര ജീവനക്കാരെ, ഏതൊക്കെ ക്ഷേമനിധി ബോർഡുകളിൽ, ഏതൊക്കെ തീയതികളിൽ നിയമിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത നിയമനങ്ങൾക്കായി സ്വീകരിച്ച നടപടിക്രമങ്ങളും മാനദണ്ഡങ്ങളും വിശദമാക്കുമോ ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

<u>അസംഘടിത തൊഴിലാളികളുടെ ക്ഷേമനിധിബോർഡ്</u>

2685 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, ഐ. സി. ബാലകൃഷ്ണൻ
,, വി. റ്റി. ബൽറാം
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേന്ദ്ര നിയമം വഴി അസംഘടിത തൊഴിലാളികളുടെ ക്ഷേമനിധി ബോർഡ് നിലവിൽ വന്നിട്ടുണ്ടോ;

(ബി) ഏത് നിയമമനുസരിച്ചാണ് ബോർഡ് പ്രവർത്തിക്കുന്നത്;

(സി) എന്തെല്ലാം ആനുകൂല്യങ്ങളാണ് തൊഴിലാളികൾക്ക് ബോർഡ് വഴി ലഭിക്കുന്നത്;

(ഡി) ഏതെല്ലാം ക്ഷേമ പദ്ധതിയിലെ തൊഴിലാളികൾക്കാണ് ഈ ബോർഡ് മുഖാന്തിരം പ്രയോജനമുണ്ടാകുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

<u>അസംഘടിത റിട്ടയേർഡ് തൊഴിലാളി പെൻഷൻ പദ്ധതി</u>

2686 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ അസംഘടിത റിട്ടയേർഡ് തൊഴിലാളി പെൻഷൻ പദ്ധതി പ്രകാരം എത്രപേർക്ക് പെൻഷൻ നൽകുന്നുണ്ട് എന്നും എത്ര രൂപ വീതമാണ് നൽകുന്നതെന്നും വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർക്ക് പെൻഷൻ മുടങ്ങിയിട്ടുണ്ടോ; എത്ര മാസത്തെ പെൻഷൻ ഈ വിഭാഗത്തിൽപ്പെട്ടവർക്ക് നൽകിയിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) പെൻഷൻ മുടങ്ങാതിരിക്കുവാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുളളതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

<u>ക്ഷേമ ബോർഡുകളിലെ പെൻഷൻ</u>

2687 ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോസ്റ്റ് ഓഫീസുകൾ വഴി നൽകിവന്നിരുന്ന ക്ഷേമനിധി പെൻഷൻ ഇപ്പോൾ എപ്രകാരമാണ് നൽകുന്നത്;

(ബി) ഏത് മാസം വരെയുളള പെൻഷനാണ് പോസ്റ്റ് ഓഫീസ് വഴി നൽകിയത്;

(സി) ബാങ്കുകൾ വഴി പെൻഷൻ നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉത്തരവ് ലഭ്യമാക്കുമോ;

(ഡി) പെൻഷൻ വാങ്ങി വന്നിരുന്നവർക്ക് തുടർന്നും പെൻഷൻ ലഭിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>പാചക തൊഴിലാളികൾക്കുള്ള ക്ഷേമ പദ്ധതി</u>

2688 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാചക തൊഴിലാളികൾക്കുള്ള ക്ഷേമ പദ്ധതിയുടെ പ്രവർത്തനം കാര്യക്ഷമമല്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ക്ഷേമ പദ്ധതി ഇതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല എന്ന പോരായ്മ അടിയന്തിരമായി പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

പാചക തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പാക്കൽ

2689

ശ്രീ. വി. എസ്. സുനിൽ കുമാർ
,, ഇ. കെ. വിജയൻ
,, ജി. എസ്. ജയലാൽ
,, ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂൾ കുട്ടികൾക്ക് ഭക്ഷണം പാചകം ചെയ്യുന്നവരും സഹായികളുമായി എത്ര പേർ പണിയെടുക്കുന്നുണ്ട്; ഇവർക്ക് പ്രതിമാസം എത്ര രൂപ വേതനം ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവരെ തൊഴിലാളികളായി അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇവരെ തൊഴിലാളികളായി അംഗീകരിച്ച് മിനിമം വേതനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

ചുമട്ടുതൊഴിലാളികളുടെ തിരിച്ചറിയൽ കാർഡ് വിതരണം

2690

ശ്രീ. വി. ഡി. സതീശൻ
,, എം. പി. വിൻസെന്റ്
,, വർക്കല കഹാർ
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചുമട്ടുതൊഴിലാളികളുടെ തിരിച്ചറിയൽ കാർഡ് വിതരണവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഇതു സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതര തൊഴിൽ ചെയ്യുന്ന ചുമട്ടുതൊഴിലാളികളുടെ കാർഡുകൾ റദ്ദാക്കുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

ഡൊമസ്റ്റിക് വർക്കേഴ്സ് വെൽഫെയർ ഫണ്ട് സ്കീം

2691 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ കൊണ്ടുവന്ന ഡൊമസ്റ്റിക് വർക്കേഴ്സ് വെൽഫെയർ ഫണ്ട് സ്കീമിൽ എത്രപേർ അംഗങ്ങളായിട്ടുണ്ട് ;

(ബി) എത്ര പേർക്ക് ആനുകൂല്യങ്ങൾ ലഭ്യമായിട്ടുണ്ട് ;

(സി) ഗാർഹിക തൊഴിലാളികൾക്കുവേണ്ടി നിയമനിർമ്മാണം നടത്തുവാൻ ആലോചിക്കുന്നുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത ബിൽ അടുത്ത നിയമസഭാ സമ്മേളനത്തിൽ അവതരിപ്പിക്കുമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>ക്ഷേമനിധിയിൽ അംഗങ്ങളല്ലാത്ത കർഷക തൊഴിലാളികൾക്ക് പെൻഷൻ</u>

2692 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കർഷകതൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളല്ലാത്ത 60 വയസ്സ് കഴിഞ്ഞ കർഷക തൊഴിലാളികൾക്ക് പെൻഷൻ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദമാക്കുമോ ;

(ബി) ക്ഷേമനിധി ഓഫീസുകളിൽ വേണ്ടത്ര ജീവനക്കാരില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>വ്യാപാര സ്ഥാപനങ്ങളുടേയും തൊഴിലാളി സംഘടനകളുടേയും രജിസ്ട്രേഷൻ ഓൺലൈൻ മുഖേന</u>

2693

ശ്രീ. ജോസഫ് വാഴക്കൻ
,, പി. സി. വിഷ്ണുനാഥ്
,, ഡൊമിനിക് പ്രസന്റേഷൻ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യാപാര സ്ഥാപനങ്ങളുടെയും തൊഴിലാളി സംഘടനകളുടെയും രജിസ്ട്രേഷൻ ഓൺലൈനിൽ ആക്കുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാമാണ്;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത് ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>തൊഴിൽ ക്ലബ്ബുകൾ</u>

2694

ശ്രീ. ജോസഫ് വാഴക്കൻ
,, ഐ. സി. ബാലകൃഷ്ണൻ
,, ആർ. സെൽവരാജ്
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിൽ ക്ലബ്ബുകൾക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇവയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാമാണ്;

(സി) സ്വയംതൊഴിൽ സ്ഥാപനങ്ങൾ തുടങ്ങുന്നതിന് എന്തെല്ലാം വ്യവസ്ഥകളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) എന്തെല്ലാം തരത്തിലുള്ള സാമ്പത്തിക സഹായങ്ങളാണ് പ്രസ്തുത ക്ലബ്ബുകൾക്ക് നൽകുന്നത് ?

**കേരള നിയമസഭ**
**19.12.2012-ലെ മറുപടിക്ക്**

<u>തോട്ടം മേഖലയിലെ പ്രശ്നങ്ങൾ</u>

2695 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
,, പി. ബി. അബ്ദുൾ റസാക്
,, അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തോട്ടം മേഖലയിൽ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും പുതിയ പദ്ധതികൾ പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ നൽകാതിരിക്കാനായി തോട്ടം ഉടമകൾ തോട്ടം പൂട്ടിയിടുന്ന പ്രവണത തടയുവാൻ എന്ത് മുൻകരുതലുകൾ സ്വീകരിക്കാറുണ്ട്; വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് എത്ര തോട്ടങ്ങൾ ഇപ്പോൾ പൂട്ടിക്കിടപ്പുണ്ട്; അവയിലാകെ എത്ര തൊഴിലാളികൾ തൊഴിൽരഹിതരായിട്ടുണ്ട്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>നഴ്സുമാർക്ക് മിനിമം വേതനം ഉറപ്പാക്കൽ</u>

2696 ശ്രീ. സി. ദിവാകരൻ
,, പി. തിലോത്തമൻ
ശ്രീമതി. ഇ. എസ്. ബിജിമോൾ
ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർ ഉൾപ്പടെയുള്ള പാരാ മെഡിക്കൽ ജീവനക്കാർക്ക് മിനിമം വേതനം ബാധകമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നുമുതലാണ് ഈ വിഭാഗക്കാർക്ക് മിനിമം വേതനം ഏർപ്പെടുത്തിയതെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത വിഭാഗങ്ങളിൽപ്പെട്ടവർക്ക് മിനിമം വേതന നിയമപ്രകാരമുളള വേതനം ലഭിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത മേഖലയിൽ മിനിമം വേതനനിയമം പാലിക്കാത്തവരുണ്ടോ; ഉണ്ടങ്കിൽ അവർക്കെതിരെ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>നഴ്സിംഗ് മേഖലയിലെ സേവനവേതന വ്യവസ്ഥകൾ</u>

2697 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഴ്സിംഗ് മേഖലയിൽ സേവനവേതന വ്യവസ്ഥകൾക്കായി നഴ്സുമാർ നടത്തുന്ന സമരങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സമരം അവസാനിപ്പിക്കുന്നതിന് ഏതെല്ലാം തലങ്ങളിൽ ഇടപെടലുകൾ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) നഴ്സിംഗ് മേഖലയെക്കുറിച്ച് പഠിച്ച ഡോ. ബലരാമൻ കമ്മിറ്റി റിപ്പോർട്ട് എന്നാണ് ലഭ്യമായതെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ഇതിലെ ഏതെല്ലാം നിർദ്ദേശങ്ങളാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>ആർ. എസ്. ബി. വൈ. അംഗങ്ങൾക്ക് ക്ഷേമനിധി</u>

2698 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ (ആർ.എസ്. ബി.വൈ.) പദ്ധതിയിൽ ഏതെല്ലാം ക്ഷേമനിധി അംഗങ്ങളെയാണ് ഉൾപ്പെടുത്തുന്നത്; വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം അംഗങ്ങളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്താത്തതെന്നും വ്യക്തമാക്കുമോ;

(സി) നിർമ്മാണ തൊഴിലാളികളെയും, മോട്ടോർ വാഹന തൊഴിലാളികളെയും നിർബന്ധമായും ആരോഗ്യ ഇൻഷ്വറൻസ് പരിധിയിൽ കൊണ്ടുവരുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ്

2699 ശ്രീ. റ്റി.എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യത്തിന്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് അദാലത്തിലൂടെ ലഭിച്ച തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിലെ കർഷക തൊഴിലാളികൾക്ക് അധിവർഷാനുകൂല്യം</u>

2700 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ എത്ര പേർ കർഷക തൊഴിലാളി ക്ഷേമ നിധിയിൽ അംഗമായി ചേർന്നിട്ടുണ്ട്;

(ബി) അധിവർഷാനുകൂല്യത്തിന് എത്ര പേർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്;

(സി) 2011-12 വർഷത്തിൽ എത്ര പേർക്ക് അധിവർഷ ആനുകൂല്യം അനുവദിച്ചു: ഇനി എത്ര പേർക്ക് അനുവദിക്കാനുണ്ട്;

(ഡി) ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകൾ സമയ ബന്ധിതമായി തീർപ്പാക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് നടപ്പാക്കിയിട്ടുള്ളത്?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

ചാത്തന്നൂരിൽ സംസ്ഥാന കൺസ്ട്രക്ഷൻ അക്കാഡമി

2701 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂരിൽ ആരംഭിക്കുന്ന സംസ്ഥാന കൺസ്ട്രക്ഷൻ അക്കാഡമിക്കുവേണ്ടി 10 ഏക്കർ ഭൂമി വിലയ്ക്ക് വാങ്ങി 01.03.2011-ൽ തറക്കല്ലിടുകയും, കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ബോർഡിന്റെ 2011-12 സാമ്പത്തിക വർഷത്തെ ബജറ്റിൽ 15 കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടും പ്രസ്തുത നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടില്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾപോലും ആരംഭിക്കാത്തതിൽ പ്രദേശത്തെ ജനങ്ങളും, എല്ലാ രാഷ്ട്രീയ പാർട്ടികളും, സന്നദ്ധസംഘടനകളും പ്രക്ഷോഭത്തിലും പ്രതിഷേധത്തിലുമാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത സ്ഥാപനത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിലേക്കുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്നും ഒന്നര വർഷം പിന്നിട്ടിട്ടും തടസ്സങ്ങൾ പരിഹരിക്കുവാൻ കഴിയാത്തത് എന്തുകൊണ്ടാണെന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത നിർമ്മാണ പ്രവർത്തനത്തിന്റെ പ്ലാനും, വിശദമായ എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ടോ; ഇതിലേക്ക് ആവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(ഇ) പ്രസ്തുത അക്കാഡമി ചാത്തന്നൂരിൽ സ്ഥാപിക്കുന്നതിൽ നിന്നും പിന്നോക്കം പോകുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) ഇല്ലായെങ്കിൽ എത്രയും പെട്ടെന്ന് സ്ഥാപനം പ്രാവർത്തികമാക്കുവാൻ നടപടി കൈക്കൊള്ളുമോ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

കേരള കർഷകത്തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽപ്പെട്ട ശ്രീമതി നാരായണിയ്ക്ക് അധിവർഷ ആനുകൂല്യം

2702 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള കർഷകത്തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ റജി.നമ്പർ 11/2/84/709 നമ്പറായി കോഴിക്കോട് ജില്ലയിൽ അംഗമായിട്ടുള്ള ശ്രീമതി നാരായണി ഉ/ീ അമ്മാളു, കാവുങ്ങൾ, വട്ടോളി ബസാർ. പി.ഒ. എന്ന തൊഴിലാളിക്ക് അധിവർഷ ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ തടസ്സമെന്താണ്;

(ബി) പ്രസ്തുത തൊഴിലാളിക്ക് കർഷകത്തൊഴിലാളി പെൻഷൻ ലഭിക്കുന്നതിന് ആവശ്യമായ രേഖകൾ ഉണ്ണികുളം ഗ്രാമപഞ്ചായത്തിന് നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ ബന്ധപ്പെട്ട രേഖയുടെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത തൊഴിലാളി അംശാദായമായി നിക്ഷേപിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ തൊഴിൽ നിയമ ലംഘനങ്ങൾ</u>

2703 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ തൊഴിൽ നിയമങ്ങൾ പാലിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാസർഗോഡ് ജില്ലയിൽ മണപ്പുറം ഫിനാൻസിൽ നിരന്തരം ഉണ്ടാകുന്ന തൊഴിൽ പ്രശ്നങ്ങളിൽ തൊഴിൽ വകുപ്പിന്റെ ഇടപെടൽ ഉണ്ടായിട്ടുണ്ടോ ;

(സി) എങ്കിൽ പ്രശ്ന പരിഹാരത്തിന് തൊഴിൽ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>സമഗ്ര ആരോഗ്യ ഇൻഷൂറൻസ് പദ്ധതിയിൽ നിന്നും റേഷൻ കാർഡിൽ പേരില്ലാത്തവരെ ഒഴിവാക്കുന്ന നടപടി</u>

2704 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റേഷൻ കാർഡിൽ പേരില്ലാത്തവരെ 2013 ഏപ്രിൽ മാസം മുതൽ സമഗ്ര ആരോഗ്യ ഇൻഷൂറൻസ് പദ്ധതിയിൽ നിന്നും ഒഴിവാക്കുന്നതിന് നിർദ്ദേശമുണ്ടോ ;

(ബി) എങ്കിൽ രണ്ട് വയസ്സ് വരെ പ്രായമുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ ലഭിക്കുന്ന സാഹചര്യം ഇല്ലാതാകുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത പ്രശ്നം പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>അൺ എയ്ഡഡ് മേഖലയിലെ ജീവനക്കാരുടെ പ്രശ്നങ്ങൾ</u>

2705 ശ്രീ. മാത്യു റ്റി. തോമസ്
,, ജോസ് തെറ്റയിൽ
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അൺ എയ്ഡഡ് മേഖലയിലെ അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാരുടെ സേവന വേതനവ്യവസ്ഥകൾ നിഷ്കർഷിച്ചുകൊണ്ട് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അവയിലെ വ്യവസ്ഥകൾ വ്യക്തമാക്കാമോ ;

(സി) അൺ എയ്ഡഡ് മേഖലയിലെ ജീവനക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ തർക്കപരിഹാരഫോറം രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>തൊഴിലിടങ്ങളിലെ അതിക്രമങ്ങൾ</u>

2706 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിലിടങ്ങളിൽ അതിക്രമങ്ങൾ വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) സംസ്ഥാനത്ത് ഇതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് തൊഴിൽ വകുപ്പിന് അറിയാമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>ആറ്റിങ്ങൽ ഗവൺമെന്റ് ഐ. ടി. ഐ. യിൽ</u>
<u>അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ നിർമ്മാണം</u>

2707 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ ഗവൺമെന്റ് ഐ. ടി. ഐ. യിലെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ നിർമ്മാണപ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനത്തിന് എന്തെങ്കിലും നിയമതടസ്സങ്ങൾ നിലവിലുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

<u>വികലാംഗർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പ്രത്യേക പരിഗണന</u>

2708

ശ്രീ. പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരും 20 വർഷം സീനിയോറിറ്റി ഉള്ളവരും നാളിതുവരെ ഒരു ജോലിക്കും പരിഗണിക്കപ്പെട്ടിട്ടില്ലാത്തതുമായ ഉദ്യോഗാർത്ഥികൾ ഇനിയും സംസ്ഥാനത്ത് അവശേഷിക്കുന്നുണ്ടോ;

(ബി) ഇപ്രകാരം ഒരു ജോലിക്കും പരിഗണിക്കപ്പെട്ടിട്ടില്ലാത്ത ഉദ്യോഗാർത്ഥികൾക്ക് പ്രത്യേക പരിഗണന നൽകി നിയമനം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടവരിൽ ഒരു ജോലിയും ലഭിച്ചിട്ടില്ലാത്ത വികലാംഗരായ ഉദ്യോഗാർത്ഥികളുടെ വിശദാംശങ്ങൾ നൽകുമോ;

(ഡി) ഇതുവരെ ഒരു ജോലിക്കും പരിഗണിക്കപ്പെട്ടിട്ടില്ലാത്തവർക്കും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു വഴി നിയമനം ലഭിക്കുന്നതിനുള്ള പ്രായപരിധി കഴിഞ്ഞവർക്കും വികലാംഗരായവർക്കും അവസരം നഷ്ടപ്പെടാതിരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ നിയമനം
പരമാവധി പ്രായപരിധി

T2709 ശ്രീ. റോഷി അഗസ്റ്റിന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളില്‍ പേര് രജിസ്റ്റര്‍ ചെയ്തിട്ട് മുപ്പതു വര്‍ഷത്തിലധികം സീനിയോറിറ്റി ഉള്ളവരും, നിശ്ചിത പ്രായപരിധിയായ 50 വയസ് പൂര്‍ത്തിയായവരും, നാളിതുവരെ ഒരു ജോലിക്കും പരിഗണിക്കപ്പെട്ടിട്ടില്ലാത്തവരുമായ ഉദ്യോഗാര്‍ത്ഥികളുടെ ദയനീയാവസ്ഥ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) ഇപ്രകാരം പരമാവധി പ്രായപരിധിയില്‍ എത്തിനില്ക്കുന്ന ഉദ്യോഗാര്‍ത്ഥികള്‍ക്ക് അവസാന അവസരമെന്നത് കണക്കിലെടുത്ത് പ്രത്യേക പരിഗണന നല്കി പാര്‍ട്ട് ടൈം തസ്തികകളില്‍ നിമയനം നല്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ;

(സി) പി.എസ്.സി. നിയമനങ്ങള്‍ക്ക് പ്രായപരിധി ഉയര്‍ത്തിയ സാഹചര്യത്തില്‍ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു വഴിയുള്ള നിയമനങ്ങള്‍ക്ക്, പാര്‍ട്ട് ടൈം തസ്തികകള്‍ക്കുള്‍പ്പെടെ, പ്രായപരിധി ഉയര്‍ത്തുമോ ; വിശദമാക്കുമോ ?

## കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>കോമൺ ആപ്ലിക്കേഷൻ സിസ്റ്റം ഫോർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്സ്</u>

2710 ശ്രീ. വി.ഡി. സതീശൻ
,, കെ. ശിവദാസൻ നായർ
,, റ്റി.എൻ. പ്രതാപൻ
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോമൺ ആപ്ലിക്കേഷൻ സിസ്റ്റം ഫോർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്സിന്റെ തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ;

(സി) എന്തെല്ലാം സൗകര്യങ്ങളാണ് ഇതുവഴി ഉദ്യോഗാർത്ഥികൾക്ക് ലഭിക്കുന്നത് ;

(ഡി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഇത് നടപ്പാക്കുന്നത് ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം</u>

2711 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി എത്ര പേർക്ക് താല്കാലികമായി നിയമനം നൽകി എന്നു വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് നിയമം ലംഘിച്ച്</u>
<u>താല്ക്കാലിക നിയമനം</u>

2712 ശ്രീ. എൻ.എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) താല്ക്കാലിക ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ അറിയിക്കാതെ മറ്റുവിധത്തിൽ നികത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ നടപടിക്കെതിരെ നടപടികൾ സ്വീകരിക്കുമോ ;

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ എത്ര പേർ നാളിതുവരെ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ഡി) 2011-12 ലും 2012-13 ൽ നാളിതുവരെയും എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; എത്ര പേരെ സ്പോൺസർ ചെയ്തിട്ടുണ്ട് ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി ജോലി</u>

2713 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി എത്ര പേർക്ക് ജോലി നൽകുകയുണ്ടായി; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ അവഗണിച്ച് പല വകുപ്പുകളുടേയും കീഴിലുള്ള സ്ഥാപനങ്ങളിലേക്ക് ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അതു തടയുന്നതിനും, അത്തരത്തിൽ നടപടികൾ സ്വീകരിക്കുന്ന ഉന്നത ഉദ്യോഗസ്ഥരുടെ പ്രസ്തുത പ്രവൃത്തി നിരുത്സാഹപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തവരുടെ വിവരം</u>

2714 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012 നവംബർ 30 വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ എത്രപേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇവരിൽ എത്ര സ്ത്രീകൾ, പുരുഷന്മാർ ഉണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുളളത്;വിശദമാക്കുമോ;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം 30.11.2012 വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന എത്രപേർക്ക് നിയമനം ലഭിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>തിരുവനന്തപുരം ജില്ലയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തവർ</u>

2715 ശ്രീ. പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ട് 30 വർഷത്തിലധികം സീനിയോറിറ്റി ഉള്ളവരും നിശ്ചിത പ്രായപരിധിയായ 50 വയസ്സു പൂർത്തിയായവരുമായ എത്ര ഉദ്യോഗാർത്ഥികൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇപ്രകാരം സീനിയോറിറ്റിയും പ്രായപരിധി കഴിഞ്ഞവരുമായ ഉദ്യോഗാർത്ഥികളുടെ പൂർണ്ണമായ ലിസ്റ്റ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>ആറ്റിങ്ങൽ, കിളിമാനൂർ എംപ്ലോയ്മെന്റ് എക്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തവർ</u>

2716 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ, കിളിമാനൂർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരിൽ വിവിധ ജോലികൾക്കായി ഏത് തീയതിവരെയുള്ളവരെയാണ് പരിഗണിച്ചിട്ടുള്ളത്; സീനിയോറിറ്റി ക്രമത്തിൽ വിശദമാക്കുമോ;

(ബി) വികലാംഗർ, വിധവ, പട്ടികജാതി, ജനറൽ, പട്ടികവർഗ്ഗം എന്നിവ ഇനം തിരിച്ച് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

ശ്രീ. കെ. ജയചന്ദ്രൻ നായരുടെ സ്ഥലംമാറ്റ നിയമനം

2717 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മേഖലാ ഡെപ്യൂട്ടി ഡയറക്ടറായി ജോലി നോക്കിവരുമ്പോൾ സ്ട്രോക്ക് ഉണ്ടായതിനെ തുടർന്ന് ചികിത്സയിലിരിക്കുന്ന ശ്രീ. കെ. ജയചന്ദ്രൻ നായർ സ്ഥലം മാറ്റത്തിനായി എത്ര അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട് ;

(ബി) ശ്രീ. കെ. ജയചന്ദ്രൻ നായർക്ക് ഒഴിവുവരുന്നതിനനുസരിച്ച് സ്ഥലം മാറ്റത്തിന് പരിഗണിക്കാമെന്ന് മറുപടി നൽകിയിട്ടുണ്ടോ ;

(സി) സർക്കാർ ഉത്തരവിന് വിരുദ്ധമായി ജൂനിയർമാരായ ശ്രീ. ടി.വി.ഗോപിനാഥനും, ശ്രീ. രവീന്ദ്രൻ നായർക്കും ഉദ്യോഗകയറ്റം നൽകി നിയമിക്കാനിടയായത് എന്തുകൊണ്ടാണ് ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

ശ്രീ. കെ. ജയചന്ദ്രൻ നായരുടെ നിയമനം

2718

ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ സീനിയോറിറ്റി പ്രകാരം നിയമിക്കപ്പെടേണ്ട ശ്രീ. കെ. ജയചന്ദ്രൻ നായരെ ഒഴിവാക്കി ജൂനിയറെ നിയമിച്ചതായ പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ശ്രീ. കെ. ജയചന്ദ്രൻ നായർ, മെഡിക്കൽ ഗ്രൗണ്ടിൽ തിരുവനന്തപുരം ജില്ലയിൽ സ്ഥലംമാറ്റം ലഭിക്കുന്നതിനു വേണ്ടി അയച്ച അപേക്ഷകൾ പരിഗണിച്ചിരുന്നുവോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വിശദമാക്കുമോ;

(സി) ശ്രീ. കെ. ജയചന്ദ്രൻ നായർക്കു പകരം ആരെയൊക്കെ തിരുവനന്തപുരം ജില്ലയിൽ ഉദ്യോഗക്കയറ്റം നൽകി നിയമിച്ചിട്ടുണ്ട് ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

റിഹാബിലിറ്റേഷൻ പ്ലാന്റേഷനിലെ സ്റ്റാഫിന്റെ ശമ്പളക്കരാർ

2719 ശ്രീ. കെ. സുരേഷ്കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റിഹാബിലിറ്റേഷൻ പ്ലാന്റേഷനിലെ സ്റ്റാഫിന്റെ ശമ്പളക്കരാറിന്റെ കാലാവധി അവസാനിച്ചത് എന്നാണെന്ന് അറിയിക്കുമോ;

(ബി) ശമ്പളം പരിഷ്ക്കരിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>ആലപ്പുഴ ഇ. എസ്. ഐ. ആശുപത്രിയുടെ ശോചനീയാവസ്ഥ</u>

2720 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ഇ.എസ്.ഐ. ആശുപത്രിയുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ;

(ബി) ആശുപത്രിക്ക് അനുവദനീയമായ തസ്തികകൾ എത്ര; നിലവിൽ ജോലി ചെയ്യുന്നവർ എത്ര; ഒഴിവുകൾ എത്ര; വ്യക്തമാക്കുമോ;

(സി) ഇപ്പോഴുള്ള സ്റ്റാഫ് പാറ്റേൺ എന്നുമുതലാണ് നിലവിൽ വന്നത്;

(ഡി) ആവശ്യമായ ലാബ് ടെക്നീഷ്യൻമാർ ഇല്ലാത്തതിനാൽ മിക്ക ദിവസങ്ങളിലും ലാബ് പ്രവത്തിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) റേഡിയോളജിസ്റ്റ് ഇല്ലാത്തതിനാൽ ഇതിനായുള്ള ഉപകരണങ്ങൾ നശിച്ചുപോകുന്നതായുള്ള മാധ്യമ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ലാബും റേഡിയോളജി വിഭാഗവും പ്രവർത്തനക്ഷമമാക്കുവാൻ അടിയന്തിര നപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>ഫറോക്ക് ഇ.എസ്.ഐ റഫറൽ ആശുപത്രിയിൽ മാലിന്യ സംസ്കരണ സംവിധാനം</u>

2721 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫറോക്ക് ഇ.എസ്.ഐ റഫറൽ ആശുപത്രിയിൽ മാലിന്യ സംസ്കരണ സംവിധാനം ഇല്ലാത്തത് രോഗികൾക്കും പരിസരവാസികൾക്കും ബുദ്ധിമുട്ടുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിന് സംസ്കരണ പ്ലാന്റ് സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

<u>കൊരട്ടി ഇ.എസ്.ഐ. ആശുപത്രിയ്ക്ക് കെട്ടിടം</u>

2722 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സ്വന്തമായി സ്ഥലമുള്ള കൊരട്ടി ഇ.എസ്.ഐ. ആശുപത്രിയ്ക്ക് കെട്ടിടം പണിയുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

കൊണ്ടോട്ടിയിൽ ഇ.എസ്.ഐ. ഡിസ്പെൻസറി
ആരംഭിക്കാൻ നടപടി

2723 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വിമാനത്താവളത്തിൽ ധാരാളം തൊഴിലാളികൾ കരാറടിസ്ഥാനത്തിലും ദിവസവേതനാടിസ്ഥാനത്തിലും ജോലി ചെയ്യുന്നതായും ഇവരിൽ നിന്നും പി.എഫ്. വിഹിതം പിടിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് കൃത്യമായി തൊഴിലുടമകളുടെ വിഹിതമടക്കം അടയ്ക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുമോ?

(സി) കൊണ്ടോട്ടിയിൽ ഒരു ഇ.എസ്.ഐ ഡിസ്പെൻസറി തുടങ്ങുവാനുള്ള ഇ.എസ്.ഐ കോർപ്പറേഷന്റെ തീരുമാനം ഇപ്പോൾ ഏത് ഘട്ടത്തിലാണ്?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>അന്യസംസ്ഥാന തൊഴിലാളികൾക്കായി ലേബർ ക്യാമ്പുകൾ</u>

2724 ശ്രീ. വർക്കല കഹാർ
,, എ. പി. അബ്ദുളളക്കുട്ടി
,, ആർ. സെൽവരാജ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജോലി ചെയ്യുന്ന അന്യസംസ്ഥാന തൊഴിലാളികൾക്ക് ലേബർ ക്യാമ്പുകൾ തുടങ്ങുന്നതിനുളള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ആരെയെല്ലാമാണ് സഹകരിപ്പിക്കാൻ ഉദ്ദേശിക്കുന്നത് എന്നതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) എന്തെല്ലാം സകര്യങ്ങളാണ് ലേബർ ക്യാമ്പുകൾ വഴി ഒരുക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>അന്യസംസ്ഥാന തൊഴിലാളികളുടെ കണക്കെടുപ്പ്</u>

2725

ശ്രീ. സി. പി. മുഹമ്മദ്
,, അൻവർ സാദത്ത്
,, ഷാഫി പറമ്പിൽ
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പണിയെടുക്കുന്ന അന്യസംസ്ഥാന തൊഴിലാളികളുടെ കണക്കെടുപ്പിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(ബി) എന്തെല്ലാം വിവരങ്ങളാണ് കണക്കെടുപ്പിലൂടെ ശേഖരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) അന്യസംസ്ഥാന തൊഴിലാളികളുടെ എന്തെല്ലാം വിവരങ്ങൾക്കാണ് പ്രസ്തുത കണക്കെടുപ്പിലൂടെ ലക്ഷ്യമിടുന്നത്;

(ഡി) കണക്കെടുപ്പ് എത്രനാൾക്കകം പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>വിശ്വകർമ്മ സമുദായ അംഗങ്ങൾക്ക്</u>
<u>ഇ.എസ്.ഐ ആനുകൂല്യം</u>

2726 ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യത്തിന്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പരമ്പരാഗത തൊഴിൽ ചെയ്യുന്ന വിശ്വകർമ്മ സമുദായ അംഗങ്ങൾക്ക് ഇ.എസ്.ഐ ആനുകൂല്യം നല്കുവാൻ നടപടി സ്വീകരിക്കുമോ ?